**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4432** **18-03-2025 - ൽ മറുപടിയ്ക്ക്**

**ടീം ഓഡിറ്റ് സംവിധാനത്തിന് സ്കീം തയ്യാറാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയെ അഴിമതിമുക്തമാക്കുന്നതിനായുള്ള ടീം ഓഡിറ്റ് സംവിധാനത്തിന് സ്കീം തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | സഹകരണ വകുപ്പിൽ സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകുകയും പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ടീം ഓഡിറ്റ് പൈലറ്റ് പദ്ധതിയായി ആരംഭിക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ട്. ടീം ഓഡിറ്റുമായി ബന്ധപ്പെട്ടും സഹകരണ വകുപ്പിന്റെ പുന:സംഘടന സംബന്ധിച്ച പ്രവൃത്തി പഠനം പുരോഗമിച്ച് വരുന്നുണ്ട്. സഹകരണ നിയമത്തിന്റെ സമഗ്ര ഭേദഗതി നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ നിയമ ഭേദഗതിയിൽ വ്യവസ്ഥ ചെയ്ത പ്രകാരം പുതിയ ഓഡിറ്റ് സ്കീം തയ്യാറാക്കുന്ന നടപടിയും പുരോഗമിച്ച് വരുന്നു. |
| (ബി) | സ്കീമിന്റെ അഭാവത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഓഡിറ്റ് പ്രക്രിയ പ്രതിസന്ധിയിലാക്കുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; അടിയന്തരമായി സ്കീം തയ്യാറാക്കി ടീം ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സഹകരണ വകുപ്പിൽ സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകുകയും പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ടീം ഓഡിറ്റ് പൈലറ്റ് പദ്ധതിയായി ആരംഭിക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ട്. ടീം ഓഡിറ്റുമായി ബന്ധപ്പെട്ടും സഹകരണ വകുപ്പിന്റെ പുന:സംഘടന സംബന്ധിച്ച പ്രവൃത്തി പഠനം പുരോഗമിച്ച് വരുന്നുണ്ട്. സഹകരണ നിയമത്തിന്റെ സമഗ്ര ഭേദഗതി നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ നിയമ ഭേദഗതിയിൽ വ്യവസ്ഥ ചെയ്ത പ്രകാരം പുതിയ ഓഡിറ്റ് സ്കീം തയ്യാറാക്കുന്ന നടപടിയും പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ